खण्ड रजिस्ट्री सं० डि०. एल्ल. 33004/94

REGISTERED No. DL-33004/94

सत्यमेव जयते

# भारत का राजपत्र
# THE GAZETTE OF INDIA
# ഭാരതത്തിന്റെ ഗസറ്റ്

## असाधारण
## EXTRAORDINARY
## അസാധാരണം

भाग XI—अनुभाग I

PART XI—SECTION I

ഭാഗം XI—വകുപ്പ് I

प्राधिकार से प्रकाशित

**Published by Authority**

അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധപ്പെടുത്തുന്നത്


| | | | | | |
|---|---|---|---|---|---|
| सं० 3204 | नई दिल्ली | गुरु वार | 31, दिसंबर 2020/ | 10, पौषं, 1942 (शक) | खण्ड 9 |
| No. 3204 | NEW DELHI | Thursday | 31, December 2020/ | 10, Pousha, 1942 (Saka) | Vol. 9 |
| നമ്പർ 3204 | ന്യൂഡൽഹി | വ്യാഴം | 31, ഡിസംബർ 2020/ | 10, പൗഷം 1942 (ശക) | വാല്യം 9 |


## MINISTRY OF LAW, JUSTICE AND COMPANY AFFAIRS

### (Legislative Department)

*New Delhi, 15th October, 2019/23 Aswina, 1941 (Saka).*

The translation in Malayalam of The Salary and Allowances of Leaders of Opposition in Parliament Act, 1977 is hereby published under the authority of the President and shall be deemed to be the authoritative text of this Act in Malayalam under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 (50 of 1973).

1977-ലെ പാർലമെന്റിലെ പ്രതിപക്ഷ നേതാക്കളുടെ ശമ്പളവും ബത്തകളും ആക്റ്റിന്റെ മലയാള പരിഭാഷ രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം ഇതിനാൽ പ്രസിദ്ധീകരിച്ചിരിക്കുന്നതും ഇത് ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973 (1973-ലെ 50)-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡപ്രകാരം അതിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി കരുതപ്പെടുന്നതും ആകുന്നു.

DR. G. NARAYANARAJU,
*Secretary to the Government of India.*

GCPT. 212/9003/2020/DTP.

# പാർലമെന്റിലെ പ്രതിപക്ഷനേതാക്കളുടെ ശമ്പളവും ബത്തകളും ആക്റ്റ്, 1977

**(1977-ലെ 33-ാം നമ്പർ ആക്റ്റ്)**

പാർലമെന്റിലെ പ്രതിപക്ഷനേതാക്കളുടെ ശമ്പളവും ബത്തകളും
വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ ഇരുപത്തിയെട്ടാം സംവത്സരത്തിൽ പാർലമെന്റ് താഴെപ്പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് പാർലമെന്റിലെ പ്രതിപക്ഷ നേതാക്കളുടെ ശമ്പളവും ബത്തകളും ആക്റ്റ്, 1977 എന്ന് പേര് പറയാവുന്നതാണ്.

(2) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന [1]അങ്ങനെയുള്ള തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനം.—ഈ ആക്റ്റിൽ, പാർലമെന്റിലെ ഓരോ സഭയുമായി ബന്ധപ്പെട്ട് "പ്രതിപക്ഷനേതാവ്" എന്നാൽ, അതതുസംഗതിപോലെ, രാജ്യസഭയിലെയോ ലോകസഭയിലെയോ ഏറ്റവും കൂടുതൽ സംഖ്യാബലമുള്ളതും അങ്ങനെയാണെന്ന് രാജ്യസഭയുടെ ചെയർമാനോ ലോകസഭയുടെ സ്പീക്കറോ, അതതുസംഗതിപോലെ, അംഗീകരിച്ചിട്ടുള്ളതുമായ, തത്സമയം ആ സഭയിലെ, സർക്കാരിന്റെ പ്രതിപക്ഷ കക്ഷിയിലെ നേതാവായ അംഗം എന്നർത്ഥമാകുന്നു.

*വിശദീകരണം.*—സർക്കാരിന്, രാജ്യസഭയിലോ ലോകസഭയിലോ ഒരേ സംഖ്യാബലമുള്ള രണ്ടോ അതിലധികമോ പ്രതിപക്ഷ കക്ഷികൾ ഉള്ളിടത്ത്, രാജ്യസഭയുടെ ചെയർമാനോ ലോകസഭയുടെ സ്പീക്കറോ, അതതുസംഗതി പോലെ, കക്ഷികളുടെ സ്റ്റാറ്റസ് കണക്കിലെടുത്തു കൊണ്ട്, ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, അങ്ങനെയുള്ള കക്ഷികളുടെ നേതാക്കളിൽ ഏതെങ്കിലും ഒരാളെ പ്രതിപക്ഷനേതാവായി അംഗീകരിക്കേണ്ടതും അപ്രകാരമുള്ള അംഗീകാരം അന്തിമവും തർക്കമില്ലാത്തതുമായിരിക്കുന്നതുമാണ്.

[2][3. ശമ്പളവും ദിന, നിയോജകമണ്ഡല, വ്യയ ബത്തകളും.—(1) ഓരോ പ്രതിപക്ഷ നേതാവിനും അദ്ദേഹം അങ്ങനെയുള്ള നേതാവായി തുടരുന്നിടത്തോളം പാർലമെന്റ് അംഗങ്ങളെ സംബന്ധിക്കുന്ന, പാർലമെന്റ് അംഗങ്ങളുടെ ശമ്പളവും ബത്തകളും പെൻഷനും ആക്റ്റ്, 1954 (1954-ലെ 30)-ലെ 3-ാം വകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ള അതേ നിരക്കിൽ പ്രതിമാസ ശമ്പളവും ദിനബത്തയും ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) ഓരോ പ്രതിപക്ഷ നേതാവിനും പാർലമെന്റിലെ അംഗങ്ങളെ സംബന്ധിച്ചുള്ള പ്രസ്തുത ആക്റ്റിലെ 8-ാം വകുപ്പിൽ തത്സമയം നിർദ്ദേശിച്ചിട്ടുള്ള അതേ നിരക്കിലുള്ള നിയോജകമണ്ഡല ബത്തകൾ ലഭിക്കുന്നതിനുകൂടി അർഹതയുണ്ടായിരിക്കുന്നതാണ്.

---

1. 1-11-1977, ഭാരത സർക്കാരിന്റെ അസാധാരണ ഗസറ്റ്, ഭാഗം II വകുപ്പ് 3(1) പേജ് 2017, 1977 നവംബർ 1-ാം തീയതിയിലെ ജി.എസ്. ആർ. 664 (ഇ) എന്ന വിജ്ഞാപനപ്രകാരമുള്ളത്.
2. 1985-ലെ 78-ാം നമ്പർ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം, 3-ാം വകുപ്പിന് പകരം ചേർത്തത് (26-12-1985 മുതൽ പ്രാബല്യം).

(3) ഓരോ പ്രതിപക്ഷ നേതാവിനും പ്രതിമാസം ആയിരം രൂപ വ്യയബത്ത നൽകേണ്ട താണ്:]

[1][എന്നാൽ 2001 സെപ്റ്റംബർ 17-ാം തീയതിയിലും അന്നുമുതൽക്കും ഓരോ പ്രതിപക്ഷ നേതാവിനും മന്ത്രിമാരുടെ ശമ്പളവും ബത്തകളും ആക്റ്റ്, 1952 (1952-ലെ 58)-ലെ 5-ാം വകുപ്പ് പ്രകാരം ക്യാബിനറ്റ് അംഗമായിട്ടുള്ള മറ്റുള്ള ഓരോ മന്ത്രിക്കും നൽകേണ്ടതായ വ്യയബത്തയുടെ അതേ നിരക്കിൽ വ്യയബത്ത നൽകേണ്ടതാണ്.]

4. പ്രതിപക്ഷ നേതാക്കൾക്കുള്ള ഔദ്യോഗിക വസതി.—(1) ഓരോ പ്രതിപക്ഷ നേതാവും, അദ്ദേഹം അങ്ങനെയുള്ള നേതാവായി തുടരുന്നിടത്തോളവും അതിനുശേഷം തൊട്ടടുത്തുവരുന്ന ഒരു മാസക്കാലയളവിലേക്കും, സജ്ജീകരിച്ച ഒരു ഔദ്യോഗിക വസതി വാടക കൂടാതെ ഉപയോഗിക്കുന്നതിന് അർഹനായിരിക്കുന്നതും അങ്ങനെയുള്ള ഔദ്യോഗിക വസതിയുടെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് വ്യക്തിപരമായി യാതൊരുചെലവും നൽകേണ്ടാത്തതുമാണ്.

(2) പ്രതിപക്ഷ നേതാവിന് മരണം സംഭവിച്ചാൽ അദ്ദേഹത്തിന്റെ കുടുംബത്തിന് അദ്ദേഹം താമസിച്ചിരുന്ന സജ്ജീകരിച്ച ഔദ്യോഗിക വസതി,—

(ക) അദ്ദേഹത്തിന്റെ മരണശേഷം തൊട്ടടുത്തുവരുന്ന ഒരു മാസക്കാലത്തേക്ക് വാടക നൽകാതെയും അങ്ങനെയുള്ള ഔദ്യോഗിക വസതിയുടെ അറ്റകുറ്റപ്പണി സംബന്ധിച്ച് അദ്ദേഹത്തിന്റെ കുടുംബം യാതൊരുചെലവും നൽകാതെയും; കൂടാതെ

(ഖ) തുടർന്ന് വരുന്ന ഒരു മാസക്കാലത്തേക്ക് കേന്ദ്ര സർക്കാർ ഇതിലേക്കായി ഉണ്ടാക്കിയ ചട്ടങ്ങളിൽ നിർണ്ണയിക്കാവുന്ന അങ്ങനെയുള്ള നിരക്കുകളിൽ വാടക നൽകുന്നതിന്മേലും ആ ഔദ്യോഗിക വസതിയിൽ അങ്ങനെ തുടർന്നുവരുന്ന കാലയളവിൽ ഉപയോഗിച്ച വൈദ്യുതിയുടെയും വെള്ളത്തിന്റെയും ചെലവുകളോടുകൂടിയും, ഉപയോഗിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

*വിശദീകരണം.*—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി, "ഔദ്യോഗിക വസതി" എന്നതിൽ സ്റ്റാഫ് ക്വാർട്ടേഴ്സും അതിനോട് അനുബന്ധിച്ചുള്ള മറ്റ് കെട്ടിടങ്ങളും അതിലെ പൂന്തോട്ടവും ഉൾപ്പെടുന്നതും ഔദ്യോഗിക വസതിയുമായി ബന്ധപ്പെട്ട "അറ്റകുറ്റപ്പണി" എന്നതിൽ തദ്ദേശ കരവും നികുതികളും നൽകലും വൈദ്യുതിക്കും വെള്ളത്തിനുമുള്ള ഏർപ്പാടും ഉൾപ്പെടുന്നതുമാണ്.

5. പ്രതിപക്ഷ നേതാക്കളുടെ യാത്രാബത്തയും ദിനബത്തയും.—[2][(1)] കേന്ദ്ര സർക്കാർ ഇതിലേക്കായി ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഒരു പ്രതിപക്ഷ നേതാവിന്,—

(ക) (i) ഔദ്യോഗികസ്ഥാനത്ത് ചുമതല ഏൽക്കുന്നതിനുവേണ്ടി ഡൽഹിക്ക് പുറത്തുള്ള തന്റെ പതിവ് താമസസ്ഥലത്തുനിന്നും ഡൽഹിയിലേക്കുള്ള യാത്ര സംബന്ധിച്ച്; കൂടാതെ

(ii) ഔദ്യോഗികസ്ഥാനത്തുനിന്നും വിടുതൽ ചെയ്യുമ്പോൾ ഡൽഹിയിൽ നിന്ന് ഡൽഹിക്ക് പുറത്തുള്ള തന്റെ പതിവ് താമസസ്ഥലത്തേക്കുള്ള യാത്ര സംബന്ധിച്ചും,

അദ്ദേഹത്തിനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും യാത്രാബത്തയ്ക്കും അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ കുടുംബത്തിന്റെയും ജംഗമങ്ങൾ കൊണ്ടുപോകുന്നതിനും; കൂടാതെ

1. 2002-ലെ 29-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം ചേർത്തത് (17-9-2011 മുതൽ പ്രാബല്യം).

2. 1985-ലെ 78-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പ് പ്രകാരം, 5-ാം വകുപ്പിനെ അതിന്റെ (1)-ാം ഉപവകുപ്പായി പുനരക്കമിട്ടു (26-12-1985 മുതൽ പ്രാബല്യം).

(ഖ) പ്രതിപക്ഷനേതാവ് എന്ന നിലയിൽ തന്റെ കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോൾ, കടൽ മാർഗ്ഗമോ കരമാർഗ്ഗമോ വായുമാർഗ്ഗമോ അദ്ദേഹം നടത്തിയിട്ടുള്ള യാത്രകൾ സംബന്ധിച്ച് യാത്രാബത്തയ്ക്കും ദിനബത്തയ്ക്കും, അർഹതയുണ്ടായിരിക്കുന്നതാണ്.

[1][(2) പാർലമെന്റിലെ ഉദ്യോഗസ്ഥരുടെയും പാർലമെന്റിലെ പ്രതിപക്ഷ നേതാക്കളുടെയും ശമ്പളവും ബത്തകളും (രണ്ടാം ഭേദഗതി) ആക്റ്റ്, 2002 (2002-ലെ 56)-ന്റെ പ്രാരംഭത്തിലും അന്നു മുതൽക്കും ഒരു പ്രതിപക്ഷ നേതാവിനും അദ്ദേഹത്തിന്റെ കുടുംബത്തിനും ഒരുമിച്ചോ പ്രത്യേകമായോ യാത്ര ചെയ്താലും, മന്ത്രിമാരുടെ ശമ്പളവും ബത്തകളും ആക്റ്റ്, 1952 (1952-ലെ 58)-ലെ 6-ാം വകുപ്പ് (1ക) ഉപവകുപ്പ് പ്രകാരം ഒരു മന്ത്രിക്കും കുടുംബത്തിനും അനുവദനീയമായ അതേ നിരക്കിലും അതേ എണ്ണം മടക്ക യാത്രകൾക്കുമുള്ള യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.]

6. പ്രതിപക്ഷനേതാവിനുള്ള വൈദ്യചികിത്സ മുതലായവ.—കേന്ദ്ര സർക്കാർ ഇതിലേക്കായി ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഒരു പ്രതിപക്ഷനേതാവിനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും സർക്കാർ പരിപാലിച്ചുപോരുന്ന ആശുപത്രികളിൽ സൗജന്യമായി താമസസൗകര്യത്തിനും കൂടാതെ വൈദ്യചികിത്സയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

7. പ്രതിപക്ഷനേതാക്കൾ പാർലമെന്റ് അംഗങ്ങൾ എന്ന നിലയിൽ ശമ്പളമോ ബത്തകളോ സ്വീകരിക്കുവാൻ പാടുള്ളതല്ലെന്ന്.—ഈ ആക്റ്റ് പ്രകാരം ശമ്പളമോ ബത്തയോ സ്വീകരിക്കുന്ന ഏതൊരു പ്രതിപക്ഷനേതാവിനും പാർലമെന്റിലെ ഏതെങ്കിലും സഭയിലെ തന്റെ അംഗത്വം സംബന്ധിച്ച് പാർലമെന്റ് ശമ്പളമോ ബത്തയോ ഇനത്തിൽ നൽകുന്ന നിധിയിൽ നിന്നും യാതൊരു തുകയും കൈപ്പറ്റുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

8. പ്രതിപക്ഷനേതാക്കൾക്കുള്ള സുഖസൗകര്യങ്ങൾ.—(1) കേന്ദ്ര സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഓരോ പ്രതിപക്ഷനേതാവിനും ടെലഫോണിനും സെക്രട്ടേറിയൽ സൗകര്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

(2) കേന്ദ്ര സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്ന ഏതെങ്കിലും ചട്ടങ്ങൾക്ക് വിധേയമായി, ഓരോ പ്രതിപക്ഷനേതാവിനും പ്രതിമാസം [2][മൂവായിരം രൂപ] വാഹന ബത്തയായി ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്:

[3][എന്നാൽ ഒരു പ്രതിപക്ഷനേതാവിന് സുരക്ഷാ താൽപ്പര്യാർത്ഥമോ മറ്റ് വിധത്തിലോ ഏതെങ്കിലും കാലയളവിലേക്ക് ഒരു ഡ്രൈവറോടു കൂടിയ വാഹന സൗകര്യം നൽകിയിട്ടുള്ളിടത്ത്, ആ കാലയളവിലേക്ക് അദ്ദേഹത്തിന് വാഹന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.]

[4][8ക പ്രതിപക്ഷനേതാവിന് മോട്ടോർ കാർ വാങ്ങുന്നതിനുള്ള അഡ്വാൻസ്.—ഒരു പ്രതിപക്ഷ നേതാവിന് തന്റെ ഔദ്യോഗിക കർത്തവ്യങ്ങൾ സൗകര്യപ്രദമായും കാര്യക്ഷമമായും നിർവ്വഹിക്കുന്നതിന് കഴിയത്തക്കവിധം ഒരു മോട്ടോർ കാർ വാങ്ങുന്നതിലേക്കായി, കേന്ദ്ര സർക്കാർ ഇതിലേക്കായി ഉണ്ടാക്കുന്ന ചട്ടങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന, അത്രയും തുക തിരിച്ചടയ്ക്കേണ്ടതായ അഡ്വാൻസായി നൽകാവുന്നതാണ്.]

---

1. 2002-ലെ 56-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പുപ്രകാരം (2)-ാം ഉപവകുപ്പിനുപകരം ചേർത്തത് (17-9-2001 മുതൽ പ്രാബല്യം).
2. 1991-ലെ 7-ാം നമ്പർ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചില വാക്കുകൾക്കുപകരം ചേർത്തത് (1-10-1990 മുതൽ പ്രാബല്യം).
3. 1991-ലെ 7-ാം നമ്പർ ആക്റ്റ്, 2-ാം വകുപ്പുപ്രകാരം ചേർത്തത് (1-10-1990 മുതൽ പ്രാബല്യം).
4. 1991-ലെ 7-ാം നമ്പർ ആക്റ്റ്, 3-ാം വകുപ്പുപ്രകാരം ചേർത്തത് (1-10-1990 മുതൽ പ്രാബല്യം).

9. ആളുകൾ പ്രതിപക്ഷനേതാക്കൾ ആകുന്നതോ അല്ലാതായിത്തീരുന്നതോ ആയ തീയതി സംബന്ധിക്കുന്ന വിജ്ഞാപനം അതിന്റെ നിർണ്ണായക തെളിവ് ആയിരിക്കുമെന്ന്.—ഏതെങ്കിലും ആൾ ഒരു പ്രതിപക്ഷനേതാവായിത്തീരുകയോ, അല്ലാതായിത്തീരുകയോ ചെയ്യുന്ന തീയതി ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും, ഈ ആക്റ്റിന്റെ എല്ലാ ആവശ്യങ്ങൾക്കും, അങ്ങനെയുള്ള ഏതൊരു വിജ്ഞാപനവും ആ തീയതിയിൽ അദ്ദേഹം ഒരു പ്രതിപക്ഷ നേതാവായിത്തീർന്നുവെന്നോ അല്ലാതായിത്തീർന്നുവെന്നോ എന്നതിന് ഒരു നിർണ്ണായക തെളിവായിരിക്കുന്നതാണ്.

[1][9ക പ്രതിപക്ഷനേതാവ് കൈപ്പറ്റുന്ന ചില വിശേഷാദായങ്ങൾക്ക് ആദായ നികുതി നൽകണമെന്ന ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കൽ.—ആദായ നികുതി ആക്റ്റ്, 1961 (1961-ലെ 43)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ഒരു പ്രതിപക്ഷനേതാവിന് അനുവദിച്ചിട്ടുള്ള വാടകരഹിത സജ്ജീകരിച്ച ഔദ്യോഗിക വസതിയുടെ (അതിന്റെ അറ്റകുറ്റപ്പണികളുൾപ്പെടെ) മൂല്യം ആദായ നികുതി ആക്റ്റ്, 1961-ന്റെ 15-ാം വകുപ്പ് പ്രകാരം അദ്ദേഹത്തിന്റെ "ശമ്പളം" എന്ന ശീർഷകത്തിൻ കീഴിൽ ചാർജ്ജ് ചെയ്യേണ്ടതായ ആദായം കണക്കാക്കുന്നതിൽ ഉൾപ്പെടുന്നതല്ല.]

10. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) കേന്ദ്ര സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങളിൽ താഴെപ്പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) മരണപ്പെട്ട പ്രതിപക്ഷനേതാവിന്റെ കുടുംബം 4-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഖ) ഖണ്ഡപ്രകാരം അദ്ദേഹം കൈവശം വച്ചിരുന്ന സജ്ജീകരിച്ച വസതിയുടെ ഉപയോഗത്തിന് നൽകേണ്ടതായ വാടകയുടെ നിരക്ക്;

(ഖ) 5-ാം വകുപ്പ് പ്രകാരം ഒരു പ്രതിപക്ഷനേതാവിന് അനുവദനീയമായ യാത്രാബത്തയും ദിനബത്തയും;

(ഗ) 6-ാം വകുപ്പ് പ്രകാരം ഒരു പ്രതിപക്ഷനേതാവിനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും അനുവദനീയമായ വൈദ്യചികിത്സ;

(ഘ) ഒരു പ്രതിപക്ഷനേതാവിന് അനുവദനീയമായ ടെലഫോണും സെക്രട്ടേറിയൽ സൗകര്യങ്ങളും, 8-ാം വകുപ്പ് പ്രകാരം അദ്ദേഹം വാഹനബത്തയ്ക്ക് അർഹനാകുന്നത് ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണെന്നും;

[2][(ങ) 8 ക വകുപ്പ് പ്രകാരം ഒരു പ്രതിപക്ഷനേതാവിന് നൽകേണ്ടതായ അഡ്വാൻസ്.]

(3) ഈ വകുപ്പ് പ്രകാരം ഉണ്ടാക്കുന്ന ഓരോ ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം പാർലമെന്റിന്റെ ഓരോ സഭയുടെയും മുമ്പാകെ അത് സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ

1. 1985-ലെ 78-ാം നമ്പർ ആക്റ്റ്, 4-ാം വകുപ്പുപ്രകാരം ചേർത്തത് (26-12-1985 മുതൽ പ്രാബല്യം).
2. 1991-ലെ 7-ാം നമ്പർ ആക്റ്റ്, 4-ാം വകുപ്പു പ്രകാരം ചേർത്തത് (1-10-1990 മുതൽ പ്രാബല്യം).

ആയി ആകെ മുപ്പത് ദിവസക്കാലയളവിലേക്ക് വയ്ക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിലോ തുടർച്ചയായുള്ള സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് ഇരുസഭകളും ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ ഇരുസഭകളും ആ ചട്ടം ഉണ്ടാക്കുവാൻ പാടില്ല എന്നതിൽ യോജിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു;

എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

11. [1954-ലെ 30-ാം നമ്പർ ആക്റ്റിന്റെ ഭേദഗതി].—1988-ലെ 19-ാം ആക്റ്റ് പ്രകാരം 2-ാം വകുപ്പും ഒന്നാം പട്ടികയും റദ്ദാക്കി.

12. [1959-ലെ 10-ാം നമ്പർ ആക്റ്റിന്റെ ഭേദഗതി].—1988-ലെ 19-ാം ആക്റ്റ് പ്രകാരം 2-ാം വകുപ്പും ഒന്നാം പട്ടികയും റദ്ദാക്കി.